**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3039** **25-06-2024 - ൽ മറുപടിയ്ക്ക്**

**കൊച്ചി നഗരത്തിൽ എ.ഡി.ബി. വായ്പ ഉപയോഗിച്ചുള്ള കുടിവെള്ള വിതരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചി നഗരത്തിലെ കുടിവെള്ള വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി എടുക്കുവാൻ ഉദ്ദേശിക്കുന്ന എ.ഡി.ബി.വായ്പയുടെ വ്യവസ്ഥകൾ വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം നഗരത്തിലും കൊച്ചി നഗരത്തിലും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും ജലചോർച്ച ഒഴിവാക്കി 24 മണിക്കൂറും ഗുണനിലവാരമുള്ള കുടിവെള്ളം വിതരണം ചെയ്യുന്നതിന് ഏഷ്യൻ ഡെവലപ്മെൻറ് ബാങ്ക് (എഡിബി) വായ്പയോടെ കേരള അർബൻ വാട്ടർ സർവീസ് ഇംപ്രൂവ്മെന്റ് പ്രൊജക്ട് (KUWSIP)എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വരുമാന രഹിത ജലത്തിന്റെ അളവ് (NRW) 20%-ൽ താഴെയായി കുറയ്ക്കുകയും ക്രമേണ സാമ്പത്തികവും സേവന സുസ്ഥിരതയും കൈവരിക്കുകയും, കെ.ഡബ്ല്യൂ.എ ജീവനക്കാരുടെ പ്രവർത്തന ശേഷി വർദ്ധിപ്പിക്കൽ, ബില്ലിംഗ് സംവിധാനങ്ങൾ, ഉപഭോക്തൃ സേവന കേന്ദ്രങ്ങൾ, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br><br>ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O (Ms) No.13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07/02/2020 ൽ നൽകിയിട്ടുണ്ട്.<br><br>ടി പദ്ധതിയിൽ ആദ്യഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും, അനുബന്ധ ഘടകങ്ങളുടെ വിപുലപ്പെടുത്തലും, 10 വർഷത്തേക്കുള്ള വിതരണ ശൃംഖലയുടെ പരിപാലനവും അടങ്ങുന്ന പദ്ധതിയാണ്.<br><br>എഡിബിയും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. ആദ്യഘട്ടത്തിൽ 170 മില്യൺ ഡോളറാണ് ടി പദ്ധതിക്കായി എഡിബി വായ്പയായി നൽകുന്നത്.<br><br>വായ്പ വ്യവസ്ഥകൾ അനുസരിച്ച് കുറഞ്ഞത് 30% പ്രവൃത്തികളെങ്കിലും ദർഘാസ് നടപടികൾ പൂർത്തിയാക്കി അവാർഡ് ചെയ്യുന്ന ഘട്ടം എത്തിയാൽ |

| | | | |
|---|---|---|---|
| | | | മാത്രമേ കേരള സർക്കാരിനും കേന്ദ്ര സർക്കാരിനും ADB യുമായിട്ട് വായ്പ കരാറിൽ ഏർപ്പെടാൻ കഴിയുകയുള്ളൂ. |
| (ബി) | എ.ഡി.ബി. വായ്പ ഉപയോഗിച്ചുള്ള പ്രസ്തുത കുടിവെള്ള വിതരണ പദ്ധതിയുടെ നടപടിക്രമങ്ങളും ടെൻഡർ നടപടികളും വിശദമാക്കാമോ? | (ബി) | ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് അഫയേഴ്സ് (DEA) യുടെ സ്ക്രീനിംഗ് കമ്മിറ്റി 19.12 2017ൽ നടന്ന 78-ാമത് യോഗത്തിൽ ADB-യിൽ നിന്ന് രണ്ട് ഘട്ടങ്ങളിലായി 250 ദശലക്ഷം യുഎസ് ഡോളറിന്റെ സാമ്പത്തിക സഹായത്തിനുള്ള കേരള സർക്കാരിന്റെ നിർദ്ദേശം അംഗീകരിച്ചു.<br><br>പദ്ധതി പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിനും കാര്യക്ഷമമായ നടത്തിപ്പിനുമായി 21.04.2020 ന് G.O (M.S) No.31/2020/WRD പ്രകാരം വിവിധ കമ്മിറ്റികൾ (ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ തലത്തിലുള്ള സ്റ്റിയറിംഗ് കമ്മിറ്റി, സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന തല എംപവേർഡ് കമ്മിറ്റി (SLEC), മുഖ്യമന്ത്രി അദ്ധ്യക്ഷനായ അപെക്സ് കമ്മിറ്റി എന്നിവയും രൂപീകരിച്ചിട്ടുണ്ട്.<br><br>ടി പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കാൻ SLEC കമ്മിറ്റിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കും. പദ്ധതിയുമായി ബന്ധപ്പെട്ട് നയപരമായ തീരുമാനങ്ങൾ എടുക്കുകയും, ഭരണാനുമതി നൽകുകയും, പ്രോജക്ട് കാര്യങ്ങളുടെ ക്ലിയറൻസുകൾ വേഗത്തിലാക്കുകയും, നിർവ്വഹണ ഏജൻസിയായ ജലവിഭവ വകുപ്പിന് മാർഗനിർദേശങ്ങൾ നൽകുകയും, കൂടാതെ പദ്ധതി ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ അനുമതികൾ ലഭ്യമാക്കുവാൻ സഹായിക്കുന്നതും SLEC-യുടെ ചുമതലയാണ്.<br><br>കൊച്ചി കോർപ്പറേഷനിൽ ആദ്യ ഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും, വിപുലപ്പെടുത്തലും പത്ത് വർഷത്തേയ്ക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (0&M) കൂടി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയാണ്. പദ്ധതിയുടെ കാലാവധി 10 വർഷമാണ്.<br><br>ഓപ്പറേറ്റ് ഡിസൈൻ, ബിൽഡ്, ഓപ്പറേറ്റ് & മെയിന്റെൻ വ്യവസ്ഥയിൽ ആദ്യ 7 വർഷം കൊണ്ട് നിർമ്മാണപ്രവർത്തനങ്ങളും അനുബന്ധമായുള്ള അറ്റകുറ്റപ്പണികളും പൂർത്തിയാക്കി, തുടർന്നുള്ള 3 വർഷങ്ങളിലേക്കുള്ള അറ്റകുറ്റപ്പണികൾ മൊത്തമായും പ്രവൃത്തി ഏറ്റെടുത്തിരിക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമാക്കിക്കൊണ്ട്, 10 വർഷ കാലയളവിൽ പൂർണതയിലെത്തുന്ന തരത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി പ്രദേശത്തെ പത്തു വർഷത്തെ അറ്റകുറ്റപ്പണികൾ പൂർണമായും ഈ |

പ്രവർത്തി ഏറ്റെടുക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.

ഈ പദ്ധതിയിൽ കുടിവെള്ള വിതരണത്തിന്റെ ചുമതല, കേരള ജല അതോറിറ്റിയുടെ മേൽ നോട്ടത്തിൽ കരാർ എടുക്കുന്ന കമ്പനിക്ക് ആയിരിക്കുമെങ്കിൽ തന്നെയും മീറ്റർ റീഡിങ് എടുക്കൽ, റവന്യൂ പിരിയ്ക്കൽ, ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകൽ എന്നിവ കേരള ജല അതോറിറ്റി നിർവഹിയ്ക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ടി പ്രവൃത്തിയിൽ താഴെ പറയുന്ന performance measures അടിസ്ഥാനമാക്കി, വിലയിരുത്തൽ നടത്തിയാണ് കരാറുകാരന് ഓപ്പറേഷൻ & മെയിന്റനൻസ് ബില്ലിനു പണം നൽകുന്നത്.

- ജലത്തിന്റെ ഗുണനിലവാര പരിശോധനകൾ നടത്തുക
- വാട്ടർ ഓർഡറുകൾ നൽകുക
- ഉപഭോക്തൃ അന്വേഷണങ്ങളോടും പരാതികളോടും പ്രതികരിക്കുക
- കുറഞ്ഞ മർദ്ദം നിലനിർത്തുക
- വാർഷിക അസറ്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക
- പ്രിവെന്റീവ് മെയിന്റനൻസ് പ്രോഗ്രാം നൽകുക
- യഥാർത്ഥ നഷ്ടങ്ങൾ നിയന്ത്രിക്കുക
- ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റങ്ങൾ പരിപാലിക്കുക
- പ്രതിമാസ റിപ്പോർട്ടുകൾ കൈമാറുക

പത്തു വർഷത്തെ കരാർ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് കൊച്ചി കോർപ്പറേഷനിലെ നവീകരിച്ചതും മെച്ചപ്പെട്ടതുമായ വിതരണ ശൃംഖലയും അനുബന്ധ ഘടകങ്ങളും ബാധ്യതരഹിതമായി കേരള ജല അതോറിറ്റിക്ക് വിട്ടു നൽകാനും, ജലവിതരണ സംവിധാനത്തിന്റെ പ്രവർത്തന ക്ഷമതാ സൂചികകൾ കരാറിൽ പ്രതിപാദിച്ചിരിക്കുന്ന അളവിൽ നിലനിർത്തി കൊണ്ട് ജലവിതരണ സംവിധാനത്തിന്റെ പരിപാലനം നടത്താൻ ജല അതോറിറ്റിക്ക് കഴിയും വിധമാണ് ജലവിതരണ സംവിധാനത്തെ കരാറുകാരൻ തിരികെ നൽകേണ്ടതെന്ന വ്യവസ്ഥയും ഈ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

10 വർഷ കാലയളവിൽ പൂർത്തിയാക്കുന്ന ഈ Performance Based പദ്ധതിയുടെ എസ്റ്റിമേറ്റ്, GST ഉൾപ്പെടെ 945.20 കോടി രൂപയാണ്.

ഈ പ്രവൃത്തിയ്ക്കായുള്ള ദർഘാസ് https://etenders.kerala.gov.in ൽ ബിഡ്ഡുകൾ

| | | | |
|---|---|---|---|
| | | | 22/02/2023 ന് ക്ഷണിച്ചിട്ടുള്ളതാണ്. ബിഡ് സമർപ്പണത്തിന്റെ അവസാന സമയം 26/04/2023 മുതൽ 11/05/2023, 12/05/2023 വരെയും ഒടുവിൽ 26/05/2023, 3.00 PM IST വരെയും corrigenda വഴി മൂന്ന് തവണ നീട്ടി. അതനുസരിച്ച് രണ്ടു ബിഡ്ഡർമാർ ബിഡ്ഡുകൾ സമർപ്പിച്ചു.<br><br>ഈ പദ്ധതിയുടെ കരാർ സംബന്ധമായ വ്യവസ്ഥകൾ എല്ലാം തന്നെ “ADB Procurement policy and procurement regulations for ADB borrowers issued in 2017” പ്രകാരം ആവണമെന്ന് എഡിബി നിബന്ധനകളിൽ നിഷ്കർഷിക്കുന്നു.<br><br>ലഭ്യമായ ദർഘാസുകളുടെ സാങ്കേതികവും സാമ്പത്തിക മൂല്യനിർണയത്തിനു ADB യുടെ “No Obection” 17.08.2023ന് ലഭിക്കുകയുണ്ടായി. ബിഡ്ഡിംഗ് ഡോക്യുമെന്റുകൾ, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് 'ഗൈഡ് ഓൺ ബിഡ് ഇവാല്യവേഷൻ ജൂൺ 2018' https://wwwadborq/sites/default/files/bidevaluation-guide ലെ പ്രസക്തമായ ക്ലോസുകൾ അനുസരിച്ചാണ് പ്രൈസ് ബിഡുകൾ വിലയിരുത്തിയത്. 23.09.2023 ന് കുറഞ്ഞ തുക കോട്ട് ചെയ്ത കമ്പനിയുമായി “Price Negotiation” നടത്തുവാനുള്ള ADB യുടെ അനുമതിയും ലഭിച്ചു.<br><br>തുടർന്ന് മൂല്യനിർണ്ണയ റിപ്പോർട്ടും കരാർ സംബന്ധിച്ച രേഖകളും 21/04/2020 ലെ G.O.(Ms)No.31/2020/WRD നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച State Level Empowered Committee യിൽ വച്ച് അന്തിമാനുമതി നൽകുന്നതിനായി 21/12/2023 ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി.<br><br>ടെൻഡറിന് അനുമതി നൽകുന്നത് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ